കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ചേലാമ്പ്ര ഗ്രാമപഞ്ചായത്ത് - ആശ്രയ കുടുംബങ്ങളിലെ പാലിയേറ്റീവ് രോഗികൾക്ക് മാത്രം മരുന്നിനോടൊപ്പം പാകം ചെയ്ത ഭക്ഷണം നൽകാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം. 2817/2018/തസ്വഭവ          തിരുവനന്തപുരം, തീയതി, 03.11.2018

---

പരാമർശം :- 1. ചേലാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.07.2017-ലെ A1- 8283/2017-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018-ലെ തീരുമാനം നം. 4.39

## ഉത്തരവ്

പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അടങ്കൽ 5,43,600/- രൂപ (2.00 ലക്ഷം വികസനഫണ്ട് 3,43,600/- രൂപ തനത് ഫണ്ട്) ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം ചേലാമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

പരാമർശം(2)ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.39 നമ്പർ തീരുമാനപ്രകാരം ആശ്രയ കുടുംബങ്ങളിലെ പാലിയേറ്റീവ് രോഗികൾക്ക് മാത്രം മരുന്നിനോടൊപ്പം പാകം ചെയ്ത ഭക്ഷണം നൽകാൻ ചേലാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. പാകം ചെയ്യാത്ത ഭക്ഷണം വിതരണം ചെയ്യാവുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
പ്രസിഡണ്ട്, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ